## മാന്വൽ പരിഷ്കരണം

9 (3224) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ് മാന്വൽ, മാന്വൽ ഓഫ് ഓഫീസ് പ്രൊസീജ്യർ എന്നിവ പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഭരണ നടപടികൾ സുതാര്യമാക്കുന്നതിനും ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) Ideas സോഫ്റ്റ്വെയർ മുഖേന ഫയലുകൾ കൈകാര്യം ചെയ്യണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാന്വൽ ഓഫ് ഓഫീസ് പ്രൊസീഡ്യുവർ പരിഷ്കരിക്കണം എന്ന ആവശ്യവും സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ബാധകമല്ല.

## പൊതുഭരണ വകുപ്പിന്റെ പ്രവർത്തനം

10 (3225) ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനതട്ടിപ്പുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുവാനായി രൂപീകരിക്കപ്പെട്ട പൊതുഭരണ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന്റെ ഇപ്പോഴത്തെ പ്രവർത്തനം കാര്യക്ഷമമാണോ ;

(ബി) അല്ലെങ്കിൽ ആയത് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) അതെ.

(ബി) ബാധകമല്ല.

## എൻക്വയറി കമ്മീഷനുകൾ

11 (3226) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര എൻക്വയറി കമ്മീഷനുകളെ നിയോഗിക്കുകയുണ്ടായി ;

(ബി) ഇതിന് ഏതെല്ലാം എൻക്വയറി കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭിച്ചു ; ഇവയിൽ ഓരോന്നിൻമേലും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

LIBRARY ARCHIVES Kerala Legislative Assembly